ഉത്തരം

(എ & ബി) കേന്ദ്ര ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയത് സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതു മൂലം സംസ്ഥാനത്തെ ജനങ്ങൾക്കും സർക്കാരിനും വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. റേഷനരിക്ക് സബ്സിഡി നൽകി വില കുറച്ച് ജനങ്ങൾക്ക് നൽകുന്നതിനായി 150 കോടിയോളം രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടി വരുമെന്നാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്രം അനുവദിച്ച 25% കുടുംബങ്ങൾക്കു പുറമെ 17% കുടുംബങ്ങൾക്കുകൂടി സംസ്ഥാന സർക്കാർ സബ്സിഡി നൽകി ആകെ 42% കുടുംബങ്ങൾക്ക് പ്രതിമാസം 20 കിലോഗ്രാം അരി കിലോഗ്രാമിന് 6.40 രൂപ നിരക്കിൽ നൽകി വരുന്നു. കൂടാതെ ദാരിദ്യരേഖയ്ക്ക് മുകളിലുള്ള എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 16 കിലോഗ്രാം അരി കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടു കൂടി 10.40 രൂപയ്ക്ക് നൽകുന്നു.

റേഷൻ സാധനങ്ങളുടെ വില നിലവാരം

105 (116) ശ്രീ.പി. ജെ. ജോയി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങളുടെ വില എത്ര വീതമായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങളുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; എന്നൊക്കെ ;

(സി) ഇപ്പോൾ റേഷൻ സാധനങ്ങളുടെ വില എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങൾക്ക് ഉണ്ടായിരുന്ന വിലയുടെ വിവരം ചുവടെ ചേർക്കുന്നു.

സുപ്പർ ഫൈൻ അരി	:	7.90 രൂപ/കി.ഗ്രാം
ഫൈൻ അരി	:	6.90 രൂപ/ "
ബി.പി.എൽ. അരി	:	3.90 രൂപ/ "
ഗോതമ്പ്	:	4.50 രൂപ/ "
പഞ്ചസാര	:	9.10 രൂപ/ "
മണ്ണെണ്ണ	:	2.70 മുതൽ 2.80 വരെ / ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രഗവൺമെന്റ് റേഷൻ സാധനങ്ങളുടെ വില താഴെപ്പറയുന്ന പ്രകാരം നാല് പ്രാവശ്യം വർദ്ധിപ്പിച്ചു.

1-6-1997

1-12-1997

29-1-1999

1-4-2000

കേന്ദ്ര വില്പന വിലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അനുസരിച്ചാണ് സംസ്ഥാന സർക്കാർ വില പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

(സി) റേഷൻ സാധനങ്ങളുടെ ഇപ്പോഴത്തെ വില ചുവടെ ചേർക്കുന്നു.

നോർമൽ അരി	:	12.40 രൂപ/ കി.ഗ്രാം
സംസ്ഥാന സർക്കാർ സബ്സിഡിയോടു കൂടിയുള്ള അരി	:	10.40 രൂപ/ "
ബി.പി.എൽ. അരി	:	6.40 രൂപ/കിലോഗ്രാം
ഗോതമ്പ്	:	9.60 രൂപ/ "
പഞ്ചസാര	:	13.10 രൂപ/ "
മണ്ണെണ്ണ	:	5.50 മുതൽ 8.90 രൂപ /ലിറ്റർ

റേഷനരിയുടെ വില്പന

106 (117) ശ്രീ.പി. കെ. കെ. ബാവ :

ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിക്ക് മാർക്കറ്റിൽ കിട്ടുന്ന അരിയെക്കാൾ വില കൂടുതലുള്ളതിനാൽ റേഷൻ കടകളിൽ അരി കെട്ടിക്കിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റേഷൻ കടകളിൽ അരി വില്പന നടക്കാത്തതിനാൽ കെട്ടിക്കിടന്ന് ഉപയോഗ ശൂന്യമാകാൻ സാധ്യതയുണ്ടോ ;

(സി) റേഷൻ കടകളിൽ അരിയുടെ വില കുറച്ച് വില്പന നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രഗവൺമെന്റ് റേഷൻ അരിയുടെ വില കുത്തനെ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് റേഷൻ അരി വാങ്ങുന്നത് ആകർഷകമല്ലാതെ വന്നതിനാൽ ഓഫ്ടേക്ക് ഗണ്യമായി കുറഞ്ഞു പോയിട്ടുണ്ട്. അതിനാൽ റേഷൻ കടകളിൽ അരിയുടെ സ്റ്റോക്ക് ഇരുന്നു പോകുന്നു എന്ന കാര്യം ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly